## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.545**

**09.2.2016-ൽ മറുപടിയ്ക്ക്**

**കേരള ക്ലെയ്സ് ഫോർ സെറാമിക്സ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരം കരീം | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| **(എ)** കണ്ണൂർ പാപ്പിനിശ്ശേരിയിൽ പ്രവർത്തിച്ചിരുന്ന കേരള ക്ലെയ്സ് ഫോർ സെറാമിക്സ് അടച്ചു പൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ; | **(എ)** കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രൊഡക്ട്സ് ലിമിറ്റഡിന്റെ മാടായി യൂണിറ്റിന്റെ ഖനന പ്രവർത്തനവും പ്രോസസിംഗും സർക്കാർ നിർദ്ദേശ പ്രകാരം നിർത്തിവച്ചിരിക്കുകയാണ്. പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം നിർത്തിവെച്ചതിനാൽ അവിടുത്തെ അസംസ്കൃത വസ്തു ഉപയോഗിച്ച് പ്രവർത്തിച്ചിരുന്ന ബ്രിക്ക് നിർമ്മാണ യൂണിറ്റായ മാങ്ങാട്ടുപറമ്പ് സിറാമിക് ഡിവിഷനും പ്രവർത്തിക്കുന്നില്ല. കൂടാതെ കാസർഗോഡ് ജില്ലയിലെ കരിന്തളത്ത് പ്രവർത്തിക്കുന്ന അലുമിനസ് ലാറ്ററൈറ്റ് യൂണിറ്റിന്റെ പ്രവർത്തനവും നിലച്ചിരിക്കുകയാണ്. കമ്പനിയുടെ കീഴിൽ ആകെ ഉണ്ടായിരുന്ന 5 യൂണിറ്റുകളിൽ 2 യൂണിറ്റുകൾ മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. |
| **(ബി)** പ്രസ്തുത കമ്പനിയിൽ സ്റ്റോക്കുള്ള ചൈനാ ക്ലേ ഉപയോഗിച്ച് കമ്പനി പ്രവർത്തിപ്പിക്കണമെന്നാവശ്യപ്പെട്ട് ട്രേഡ് യൂണിയനുകൾ നിവേദനം നല്കിയിട്ടുണ്ടോ;എങ്കിൽ എന്ത് നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ;വിശദാംശങ്ങൾ ലഭ്യമാക്കാമോ? | **(ബി)** ഉണ്ട്. കമ്പനിയുടെ പഴയങ്ങാടി യൂണിറ്റിൽ ഏകദേശം 2600 ടൺ ചൈനാക്ലേ പ്രോസസ് ചെയ്യുവാൻ ബാക്കിയുണ്ട്. മാടായി പഞ്ചായത്ത് തടസ്സവാദം ഉന്നയിച്ചതിനാൽ പ്രസ്തുത പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ